## ജിക്കിയും ജമിനിയും

ജിക്കിയെന്റെ ആൺപട്ടി,
ജമിനിയെന്റെ പെൺപട്ടി,
ചെവിയൊടിഞ്ഞു കാൽകുറുകി,
കനത്തിരുണ്ട രണ്ട് പട്ടി.

ഞാനവർക്കു ജീവനാണ്,
അവരെനിക്കും സ്വന്തമാണ്,
ഞാനുണരാൻ വൈകിയെന്നാൽ,
ഉണർത്തുമെന്നെ രണ്ടുപേരും.

ദൂരെനിന്നും കാണുംനേരം,
ഓടിയെത്തി ചാടിക്കേറും,
എന്റെയൊപ്പം കളിക്കുമവർ,
കളിച്ചില്ലെങ്കിൽ കുരക്കുമവർ.

ഉടുപ്പിൽ കടിച്ചു വലിക്കുമവർ,
കൈ കാണിച്ചു വിളിക്കുമവർ,
ഞാനുരുട്ടും പന്തിനായി,
മത്സരിച്ച് പായുമവർ.

അവരെനിക്കു ജീവനാണ്,
ഞാനവർക്കും സ്വന്തമാണ്.
ഒരു ദിവസം കണ്ടില്ലെൻ ജിക്കിയെ,
കാത്തു കാത്തു ഞാനിരുന്നു.

ഓർത്തോർത്തു ഞാൻ കരഞ്ഞു,
കൂടെയെന്റെ ജമിനിയും.
വന്നില്ല, കണ്ടില്ലെൻ ജിക്കിയെ,
പിന്നീടൊരുനാളും വന്നില്ല,
കണ്ടില്ലെൻ ജിക്കിയെ.



ഒരുനാൾ ജമിനി വന്നു എന്നെ നോക്കി,
ഓടിപ്പോയി തൊടിയിലേക്ക്,
തെല്ലുനേരം കഴിഞ്ഞു വന്നു,
കടിച്ചുകൊന്ന പാമ്പുമായി,
വീണൂ എന്റെ കാലിലേക്ക്,
മരിച്ചുവല്ലൊ ജമിനിയും.

സത്യം, ത്യാഗം, സേവനം,
വിശുദ്ധമായ സ്നേഹവും,
കാട്ടിതന്ന കൂട്ടരേ,
മറക്കുകില്ല നിങ്ങളെ
ഞാനൊരിക്കലും
മറക്കുകില്ല നിങ്ങളെ.